# ഓണക്കിറ്റിലെ പപ്പടം :
# നിരോധിത വസ്തുക്കളില്ലെന്ന്
# പരിശോധനാ ഫലം : സപ്ലൈകോ

ഓണക്കിറ്റിൽ വിതരണം ചെയ്ത പപ്പടത്തിൻറെ സാമ്പിൾ പരിശോധനയിൽ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം നിരോധിച്ചിട്ടുള്ള വസ്തുക്കളൊന്നും കണ്ടെത്തിയിട്ടില്ല. വിവിധ ഡിപ്പോകളിൽ നിന്നും സാമ്പിളെടുത്ത് ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാർ ലാബിൽ പരിശോധനക്കയച്ച 14 സാമ്പിളിൽ മൂന്നെണ്ണത്തിൻറെ ഫലം വന്നതിൽ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം നിരോധിച്ചിട്ടുള്ള രാസവസ്തുക്കളൊന്നും ഇല്ലെന്ന് സപ്ലൈകോ അധികൃതർ അറിയിച്ചു . ഇന്ത്യൻ സ്റ്റാൻഡേർഡ് 2639 അടിസ്ഥാനമാക്കി തയ്യാറാക്കിയ ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ചാണ് പപ്പടത്തിൻറെ ഗുണനിലവാരം പരിശോധിച്ചിട്ടുള്ളത്. ലാബ് പരിശോധനാ ഫലത്തിൽ ഈർപ്പം, ജലാംശത്തിൻറെ പി എച്ച്, ക്ഷാരാംശം എന്നിവ നിശ്ചിത മാനദണ്ഡത്തിനേക്കാൾ അല്പം കൂടുതലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യൻ സ്റ്റാൻഡേർഡ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം പപ്പടം നിർമ്മിക്കുന്ന അസംസ്കൃത വസ്തുക്കളിൽ ഒന്നായ പപ്പടക്കാരത്തിൻറെ അളവ് പ്രസ്തുത ബാച്ചിലെ പപ്പടത്തിൽ നേരിയ അളവിൽ കൂടിയതുകൊണ്ടാണ് പി എച്ച് ക്ഷാരാംശം എന്നിവയിൽ വ്യത്യാസം വന്നിരിക്കുന്നത്. അല്ലാതെ ഭക്ഷ്യസുരക്ഷ നിയമത്തിന് വിരുദ്ധമായ ഒന്നും തന്നെ പപ്പടത്തിലില്ല. കൂടാതെ പപ്പടത്തിൻറെ സാമ്പിളുകൾ പരിശോധനയ്ക്കായി സർക്കാർ അനലിറ്റിക്കൽ ലാബിലും അയച്ചിട്ടുണ്ട് . ജനജീവിതത്തെ ദുഷ്കരമാക്കുന്ന ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കണമെന്നും സപ്ലൈകോ അധികൃതർ അഭ്യർത്ഥിച്ചു.